'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോഴിക്കോട് ജില്ല - പുറമേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. പ്രസാദ് പി.ടി.ക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.169/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 22/01/2020**

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 13.11.2017-ലെ ഇ13 (ക്യൂവി.46/16/എൻ.ആർ.കെ)19940/17 നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 05.01.2018-ലെ ഡി2/286/2017/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 18.12.2018-ലെ 237/ഇപിബി3/2018/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീ. പ്രസാദ് പി.ടി. സമർപ്പിച്ച 06.02.2019-ലെ പ്രതിവാദ പത്രിക

5 പഞ്ചായത്ത് ഡയറക്ടറുടെ 23.03.2019-ലെ PAN/719/2019-D1(DP) നമ്പർ കത്ത്

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ പുറമേരി ഗ്രാമപഞ്ചായത്തിലെ 'Open Defecation Free' എന്ന പദ്ധതിയിൽ അർഹതപ്പെട്ടവരുടെ തിരഞ്ഞെടുപ്പിൽ ഉണ്ടായ അഴിമതി ആരോപണം സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ 'Open Defecation Free' എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് പുറമേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. പ്രസാദ് പി.ടിയുടെ ഭാഗത്തുനിന്നും മേൽനോട്ട വീഴ്ചയുണ്ടായിട്ടുണ്ടെന്നും ടിയാനെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കാനും ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ. പ്രസാദ് പി.ടി.യ്ക്കെതിരെ പരാമർശം (3) പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീ. പ്രസാദ് പി.ടി. പരാമർ ശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർവ്വേ നടത്തിയാണ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതെന്നും ഗ്രാമപഞ്ചായത്ത് അംഗങ്ങളുടെയും കുടുംബശ്രീയുടെയും സഹായത്തോടുകൂടി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ നേതൃത്വത്തിൽ സർവ്വേ പൂർത്തിയാക്കി പഞ്ചായത്ത് ഭരണസമിതി പട്ടികയ്ക്ക് അന്തിമ അംഗീകാരം നൽകിയെന്നും ഗുണഭോക്താക്കളുടെ യോഗം വിളിച്ചു ചേർക്കുകയും തുടർന്ന് കരാർ വച്ച് പ്രവൃത്തി ആരംഭിക്കുകയും എല്ലാ ഗുണഭോക്താക്കളുടെയും സ്ഥലം സന്ദർശിക്കുകയും നിർമ്മാണം പൂർത്തീകരിക്കുന്നതിന് നേതൃത്വം നൽകുകയും ചെയ്തിട്ടുണ്ടെന്നും 17.09.2016-ന് ചേർന്ന ഭരണസമിതിയിൽ വച്ച് പുറമേരി ഗ്രാമപഞ്ചായത്തിനെ open Defecation free പഞ്ചായത്തായി പ്രഖ്യാപിച്ചുവെന്നും കുറ്റാരോപണ പത്രികയിൽ ആരോപിക്കുംപ്രകാരം യാതൊരു തരത്തിലുമുള്ള അവ്യക്തത ഉണ്ടാകുകയോ കാലതാമസം വരികയോ ചെയ്തിട്ടില്ലെന്നും ആയതിനാൽ അച്ചടക്ക നടപടിയിൽ തന്നെ

ഒഴിവാക്കണമെന്നും ശ്രീ. പ്രസാദ് പി.ടി. ബോധിപ്പിക്കുകയുണ്ടായി.

ശ്രീ. പ്രസാദ് പി.ടി. സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ശ്രീ പ്രസാദ് പി.ടി. ബോധിപ്പിച്ചിട്ടുള്ള മുഴുവൻ കാര്യങ്ങളും വസ്തുതാപരമാണെന്നും പുറമേരി ഗ്രാമപഞ്ചായത്തിലെ രേഖകൾ, മിനുട് സ് ബുക്കുകൾ, സർക്കാർ ഉത്തരവുകൾ എന്നിവ പരിശോധിച്ച് ബോധ്യപ്പെട്ടതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ കുറ്റാരോപണ മെമ്മോയിൽ ആരോപിച്ചതുപോലെ പുറമേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തുനിന്നും എന്തെങ്കിലും കാലതാമസമോ മേൽനോട്ട വീഴ്ചയോ ഉള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ശ്രീ. പ്രസാദ് പി.ടി. സമർപ്പിച്ച പ്രതിവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ നിന്നും ശ്രീ. പ്രസാദ് പി.ടി.യുടെ ഭാഗത്തുനിന്നും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വീഴ്ചകളൊന്നും ഉണ്ടായിട്ടില്ലായെന്നുകാണുന്നു. ഈ സാഹചര്യത്തിൽ പുറമേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. പ്രസാദ്.പി.ടി.യ്ക്കെതിരായ അച്ചടക്ക നടപടി ടിയാനെ തുടർനടപടികളിൽ നിന്നും ഒഴിവാക്കി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീ. പ്രസാദ് പി.ടി., മുൻ സെക്രട്ടറി, പുറമേരി ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ്

(യു.ഒ റിമാർക്സ് നം.വിജി.ഡി2/286/2017/വിജി. തീയതി 07.08.2019പ്രകാരം)

8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/237/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ